പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5688 03.11.2016-ൽ മറുപടിയ്ക്ക്

## പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം

**ചോദ്യം**

ശ്രീ.എം.എം. മണി
ശ്രീ. ഒ. ആർ. കേളു
ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ.പി.വി. അൻവർ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി 2011-15 കാലഘട്ടത്തിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ച് പി.വി.ടി.ജി പ്രോജക്ട് എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പ്രോജക്ടിന് കീഴിൽ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, വൈദ്യുതീകരണം, മണ്ണ് സംരക്ഷണം, കുടിവെള്ള പദ്ധതി, ഊരുകൂട്ടശാക്തീകരണം, റോഡ് നിർമ്മാണം, ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ, മരുന്ന് വിതരണം, അംഗൻവാടികളും, ഏകാദ്ധ്യാപക സ്കൂളുകളും തുടങ്ങിയവ നടപ്പിൽ വരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 31.03.2016-ൽ അവസാനിച്ചു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | ബി) | ടി പദ്ധതി പ്രകാരം 2018 വീടുകൾ അനുവദിച്ചതിൽ 1816 വീടുകൾ പൂർത്തീകരിച്ചു. 202 വീടുകളുടെ പണി പൂർത്തീകരിക്കേണ്ടതുണ്ട്. (സ്റ്റേജ് 1 -6, സ്റ്റേജ് 2- 29, സ്റ്റേജ് 3 - 167) |
| സി) | മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ കെടുകാര്യസ്ഥതയും അഴിമതിയും സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് മുൻ സർക്കാർ കാലത്ത് വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. എന്നാൽ ക്രമക്കേടുകൾ കണ്ടെത്തുകയോ, നടപടിക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ഇപ്പോൾ പി.വി.ടി.ജി സെക്ഷൻ ഓഫീസുകളിൽ ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തിവരുന്നുണ്ട്. |
| ഡി) | വീടുകളുടെ നിർമ്മാണം പൂർത്തിയാകാത്തതു മൂലം പ്രസ്തുത വിഭാഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ആയത് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഇവർക്കായുള്ള പദ്ധതികൾ അഴിമതി രഹിതമായും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) | പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചതും ഇനിയും പൂർത്തീകരിക്കാൻ ഉള്ളതുമായ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ